കോഴ്സിന് ചേർന്ന് കോഴ്സ് പൂർത്തിയാക്കിയ ശേഷം ശ്രീ. അശ്വനികുമാർ എന്ന വിദ്യാർത്ഥി താൻ ഒടുക്കിയ ഡിപ്പോസിറ്റ് തുക വ്യവസ്ഥയനുസരിച്ച് തിരിച്ച് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇയാളുടെ ഡിപ്പോസിറ്റ് തുക തിരിച്ച് നൽകിയോ ;

(സി) തിരിച്ച് നൽകിയിട്ടില്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കോഴ്സ് പൂർത്തീകരിച്ച് കഴിഞ്ഞതിനാൽ വ്യവസ്ഥ അനുസരിച്ച് ഡിപ്പോസിറ്റ് തുക തിരികെ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 1995-96 വർഷത്തിൽ അഡ്മിഷൻ കിട്ടി കോഴ്സ് പൂർത്തിയാക്കിയ എല്ലാപേർക്കും തിരിച്ചു നൽകുവാൻ വേണ്ട ഫണ്ടില്ല. ഡിപ്പോസിറ്റായി ലഭിച്ച തുക മുഴുവനും കോളേജിന്റെ കെട്ടിട നിർമ്മാണത്തിനും, എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വിനിയോഗിച്ചിരിക്കുകയാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ വേതനം

132 (3009) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ വേതന ഘടന എ. ഐ. സി. റ്റി. ഇ. മാനദണ്ഡപ്രകാരം ഏതു തീയതി മുതൽക്കാണ് പരിഷ്ക്കരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ശമ്പള പരിഷ്ക്കരണം മൂലമുണ്ടാകുന്ന അധിക ബാദ്ധ്യത താങ്ങുവാൻ ഏതെങ്കിലും ഏജൻസിയിൽ നിന്നും സർക്കാരിന് തുക ലഭിക്കുന്നുണ്ടോ ;

(സി) ശമ്പള പരിഷ്ക്കരണം നടത്താത്ത സാഹചര്യത്തിൽ തുക നഷ്ടപ്പെടാൻ ഇടവരുമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള കാലതാമസമെന്താണെന്നും എന്നത്തേക്ക് ശമ്പള പരിഷ്ക്കരണം നടത്തുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-1998- മുതൽ പരിഷ്ക്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശമ്പള പരിഷ്ക്കരണം മൂലം 1-1-1996 മുതൽ 31-3-2000 വരെയുള്ള കാലയളവിലേക്ക് ചിലവാകുന്ന തുകയുടെ 60 ശതമാനം കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കാര്യങ്ങൾ ശുപാർശ ചെയ്യുന്നതിന് നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

എൽ. ബി. എസ് .സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം

133 (3010) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും അഭിവൃദ്ധിക്കുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർ വിദ്യാഭ്യാസം സംസ്ഥാനത്ത് സാർവത്രികം ആക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി ഈ സ്ഥാപനത്തെ ഒരു 'മോഡൽ ഏജൻസി'ആയി പ്രഖ്യാപിച്ചുകൊണ്ട് എൽ.ബി.എസി.നു കീഴിൽ സംസ്ഥാനത്ത് കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) എൽ.ബി.എസ്. നു കീഴിൽ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിലും വിവിധ സെന്ററുകളിലുമായി ഏതെല്ലാം തസ്തികയിലായി എത്ര പേർ ജോലി ചെയ്യുന്നുണ്ട് ; ഇതിൽ സ്ഥിരനിയമനം നേടിയിട്ടുള്ളവർ എത്ര പേരുണ്ട് ; കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ എത്ര പേരുണ്ട് ; ഡെയ്ലി വേജസിൽ എത്ര പേർ ഇപ്പോൾ ജോലി ചെയ്തു വരുന്നു ; വിശദ വിവരം വ്യക്തമാക്കാമോ ;

(ഇ) ദിവസക്കൂലി ഇനത്തിൽ എൽ. ബി. എസി ൽ. ജോലി ചെയ്തിരുന്നവരെ ഏത് തീയതികൾ മുതൽക്കാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; എത്ര പേരെ ഏതെല്ലാം തസ്തികകളിൽ ഇങ്ങനെ നിയമിച്ചിട്ടുണ്ട് ; ഇവർ ഏത് ഓഫീസുകളിൽ ജോലി ചെയ്തിരുന്നവരാണെന്ന് വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൽ. ബി. എസ്. സെന്ററിൽ ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത് ; ഇങ്ങനെ നിയമിക്കപ്പെട്ടവർ എൽ. ബി. എസ്. ന്റെ ഏത് കേന്ദ്രങ്ങളിലാണ് ജോലി ചെയ്യുന്നത് ; എന്തടിസ്ഥാനത്തിലാണ് ഇവർക്ക് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly